# ക്രിസ്തുവിനെ അനുഭമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (1)

ദൂത് ഒമ്പത്

## പുനരുത്ഥാനവും ഗോതമ്പുമണിയും എന്ന നിലയിൽ ക്രിസ്തു

EM *Hymns*: ML16, ML34

തിരുവെഴുത്ത് വായന: യോഹ. 11:25; 12:23-24; ലൂക്കൊ. 12:49-50; 2 കൊരി. 1:8-9; 4:16; പുറ. 25:31-40; സംഖ്യ 17:8

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

യോഹ. 12:23 യേശു അവരോട് ഉത്തരം പറഞ്ഞത്, മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു.

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

ലൂക്കൊ. 12:49 ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു, അത് ഇപ്പോഴെ കത്തിച്ചിരുന്നെങ്കിൽ എന്നു ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു!

ലൂക്കൊ. 12:50 എന്നാൽ എനിക്കു സ്നാനപ്പെടുവാൻ ഒരു സ്നാനമുണ്ട്, അതു നിറവേറുംവരെ ഞാൻ എത്രത്തോളം ഞെരുങ്ങുന്നു!

2 കൊരി. 1:8 സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ ക്ലേശത്തെക്കുറിച്ച് നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും നിരാശപ്പെടുമാറ്, ഞങ്ങളുടെ ശക്തിക്ക് അതീതമായി, ഞങ്ങൾ അത്യധികം ഭാരപ്പെട്ടു.

2 കൊരി. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

2 കൊരി. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

പുറ. 25:31 തങ്കംകൊണ്ടു ഒരു നിലവിളക്കു ഉണ്ടാക്കേണം. നിലവിളക്കു അടിപ്പുപണിയായിരിക്കേണം. അതിന്റെ ചുവടും തണ്ടും പുഷ്പപുടങ്ങളും മുട്ടുകളും പൂക്കളും അതിൽനിന്നു തന്നേ ആയിരിക്കേണം.

പുറ. 25:32 നിലവിളക്കിന്റെ മൂന്നു ശാഖ ഒരു വശത്തുനിന്നും നിലവിളക്കിന്റെ മൂന്നു ശാഖ മറ്റെ വശത്തുനിന്നും ഇങ്ങനെ ആറു ശാഖ അതിന്റെ പാർശ്വങ്ങളിൽനിന്നു പുറപ്പെടേണം.

പുറ. 25:33 ഒരു ശാഖയിൽ ഓരോ മുട്ടും ഓരോ പൂവുമായി ബദാംപൂപോലെ മൂന്നു പുഷ്പപുടവും മറ്റൊരു ശാഖയിൽ ഓരോ മുട്ടും ഓരോ പൂവുമായി ബദാംപൂപോലെ മൂന്നു പുഷ്പപുടവും ഉണ്ടായിരിക്കേണം; നിലവിളക്കിൽനിന്നു പുറപ്പെടുന്ന ആറു ശാഖെക്കും അങ്ങനെ തന്നേ വേണം.

പുറ. 25:34 വിളക്കുതണ്ടിലോ മുട്ടുകളോടും പൂക്കളോടും കൂടിയ ബദാംപൂപോലെ നാലു പുഷ്പപുടം ഉണ്ടായിരിക്കേണം.

പുറ. 25:35 അതിൽനിന്നുള്ള രണ്ടു ശാഖെക്കു കീഴെ ഒരു മുട്ടും മറ്റു രണ്ടു ശാഖെക്കു കീഴെ ഒരു മുട്ടും മറ്റു രണ്ടു ശാഖെക്കു കീഴെ ഒരു മുട്ടും ഇങ്ങനെ നിലവിളക്കിൽനിന്നു പുറപ്പെടുന്ന ആറു ശാഖെക്കും വേണം.

പുറ. 25:36 അവയുടെ മുട്ടുകളും ശാഖകളും അതിൽനിന്നു തന്നേ ആയിരിക്കേണം; മുഴുവനും തങ്കംകൊണ്ടു ഒറ്റ അടിപ്പുപണി ആയിരിക്കേണം.

പുറ. 25:37 അതിന്നു ഏഴു ദീപം ഉണ്ടാക്കി നേരെ മുമ്പോട്ടു പ്രകാശിപ്പാൻ തക്കവണ്ണം ദീപങ്ങളെ കൊളുത്തേണം.

പുറ. 25:38 അതിന്റെ ചവണകളും കരിന്തിരിപ്പാത്രങ്ങളും തങ്കംകൊണ്ടു ആയിരിക്കേണം.

പുറ. 25:39 അതും ഈ ഉപകരണങ്ങൾ ഒക്കെയും ഒരു താലന്തു തങ്കംകൊണ്ടു ഉണ്ടാക്കേണം.

പുറ. 25:40 പർവ്വതത്തിൽവെച്ചു കാണിച്ചുതന്ന മാതൃകപ്രകാരം അവയെ ഉണ്ടാക്കുവാൻ സൂക്ഷിച്ചുകൊള്ളേണം.

സംഖ്യ. 17:8 പിറ്റെന്നാൾ മോശെ സാക്ഷ്യകൂടാരത്തിൽ കടന്നപ്പോൾ ലേവിഗൃഹത്തിന്നുള്ള അഹരോന്റെ വടി തളിർത്തിരിക്കുന്നതു കണ്ടു; അതു തളിർത്തു പൂത്തു ബദാം ഫലം കായിച്ചിരുന്നു.

**I. പുനരുത്ഥാനമായി നമുക്ക് ക്രിസ്തുവിനെ അനുഭവിക്കുവാനും ആസ്വദിക്കുവാനും ആവിഷ്കരിക്കുവാനും കഴിയും—യോഹ. 11:25:**

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

A. പുനരുത്ഥാനത്തിൽ ജീവിക്കുന്നതിന്, ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ സംബന്ധിച്ച് അനാവരണം ചെയ്യപ്പെട്ട സത്യം നാം കാണണം:

1. തന്റെ പുനരുത്ഥാനത്തിൽ ദൈവത്തിന്റെ ആദ്യജാതനായ പുത്രനാകുവാൻ തന്റെ മനുഷ്യത്വത്തിൽ ക്രിസ്തു ദൈവത്താൽ ജനിപ്പിക്കപ്പെട്ടു—പ്രവൃ. 13:33; റോമ. 8:29.

പ്രവൃ. 13:33 "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

2. തന്റെ പുനരുല്പാദനമായ അവന്റെ ശരീരമായ സഭയെ ഉളവാക്കുന്നതിനുവേണ്ടി ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ പിതാവായ ദൈവത്താൽ ക്രിസ്തുവിന്റെ എല്ലാ വിശ്വാസികളും വീണ്ടുംജനിപ്പിക്കപ്പെട്ടു—1 പത്രൊ. 1:3; യോഹ. 12:24; 1 കൊരി. 10:17.

1 പത്രൊ. 1:3 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു,

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു

തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

1 കൊരി. 10:17 അപ്പം ഒന്നാണെന്നു കാണുന്നതുകൊണ്ട്, പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ഒരു അപ്പത്തിൽനിന്നു പങ്കുകൊള്ളുന്നുവല്ലോ.

3. ഒടുക്കത്തെ ആദാമെന്ന നിലയിൽ ക്രിസ്തു ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നു—15:45b.

1 കൊരി. 15:45b ...ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

4. കർത്താവിന്റെ പുനരുത്ഥാനത്തിന്റെ ഈ പ്രധാന കാര്യങ്ങളില്ലാതെ (ആദ്യജാതനായ പുത്രൻ ശരീരത്തിന്റെ തലയായും, അനേകം പുത്രന്മാർ ശരീരത്തിന്റെ അവയവങ്ങളായും, ആത്മാവ് ശരീരത്തിന്റെ സാരാംശവും യാഥാർഥ്യവുമായും ഇല്ലാതെ), സഭയും, ക്രിസ്തുവിന്റെ ശരീരവും, ദൈവത്തിന്റെ വ്യവസ്ഥയും ഉണ്ടായിരിക്കുകയില്ല—പ്ര.നി. കൊലൊ. 1:18; 1 കൊരി. 12:12; എഫെ. 4:4.

കൊലൊ. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

1 കൊരി. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.

എഫെ. 4:4 ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ;

B. ആത്മാവ് ത്രിയേക ദൈവത്തിന്റെ യാഥാർഥ്യവും, പുനരുത്ഥാനത്തിന്റെ യാഥാർഥ്യവും ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യവുമാണ്:

1. പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ യാഥാർഥ്യം പരിണതിപ്രാപിച്ച യാഥാർഥ്യത്തിന്റെ ആത്മാവാണ്—യോഹ. 14:17; 15:26; 16:13; 1 യോഹ. 5:6.

യോഹ. 14:17 യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു.

യോഹ. 15:26 എന്നാൽ, ഞാൻ പിതാവിൽനിന്ന് നിങ്ങൾക്ക് അയയ്ക്കുന്ന, പിതാവിൽനിന്ന് പുറപ്പെട്ടുവരുന്ന, യാഥാർഥ്യത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥൻ വരുമ്പോൾ, അവൻ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തും;

യോഹ. 16:13 എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന

കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും.

1 യോഹ. 5:6 ഇവനാകുന്നു ജലത്തിലൂടെയും രക്തത്തിലൂടെയും വന്നവൻ, യേശു ക്രിസ്തു; ജലത്തിൽ മാത്രമല്ല, ജലത്തിലും രക്തത്തിലും വന്നവൻ; ആത്മാവാകുന്നു സാക്ഷ്യപ്പെടുത്തുന്നവൻ, ആത്മാവ് യാഥാർഥ്യമല്ലോ.

2. പുനരുത്ഥാനത്തിന്റെ യാഥാർഥ്യം ജീവൻ-നൽകുന്ന ആത്മാവായ ക്രിസ്തുവാണ്—യോഹ. 11:25; 20:22; 1 കൊരി. 15:45b.

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

യോഹ. 20:22 ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.

1 കൊരി. 15:45b ...ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

3. യാഥാർഥ്യത്തിന്റെ ആത്മാവ് പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ സകലവും ക്രിസ്തുവിന്റെ ശരീരത്തിൽ ഒരു യാഥാർഥ്യമാക്കുന്നു—യോഹ. 16:13-15.

യോഹ. 16:13 എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും.

യോഹ. 16:14 എന്തെന്നാൽ അവൻ എന്റേതായതിൽനിന്ന് സ്വീകരിക്കുകയും നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യുന്നതുകൊണ്ട് അവൻ എന്നെ മഹത്വപ്പെടുത്തും.

യോഹ. 16:15 പിതാവിനുള്ളതെല്ലാം എന്റേതാകുന്നു; ഇക്കാരണത്താലാകുന്നു, അവൻ എന്റേതായതിൽനിന്ന് സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും എന്നു പറഞ്ഞത്.

4. ആത്മാവില്ലാതെ ക്രിസ്തുവിന്റെ ശരീരമോ, സഭയോ ഇല്ല—എഫെ. 4:4.

എഫെ. 4:4 ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ;

C. ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യത്തിലായിരിക്കുന്നതിന്, നാം പൂർണമായും ക്രിസ്തുവിന്റെ പുനരുത്ഥാന ജീവനിൽ ആയിരിക്കണം:

1. സഭ പൂർണമായും ക്രിസ്തുവിന്റെ മൂലകത്താലുള്ളതും, പൂർണമായും പുനരുത്ഥാനത്തിലും, പൂർണമായും സ്വർഗീയങ്ങളിലും ആണ്—1 പത്രൊ. 1:3; എഫെ. 2:6; പ്ര.നി. ഉല്പ. 2:21-24.

1 പത്രൊ. 1:3 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു,

എഫെ. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

ഉല്പ. 2:21 ആകയാൽ യഹോവയായ ദൈവം മനുഷ്യനു ഒരു ഗാഢനിദ്ര വരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നു എടുത്തു അതിന്നു പകരം മാംസം പിടിപ്പിച്ചു.

ഉല്പ. 2:22 യഹോവയായ ദൈവം മനുഷ്യനിൽനിന്നു എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു.

ഉല്പ. 2:23 അപ്പോൾ മനുഷ്യൻ; ഇതു ഇപ്പോൾ എന്റെ അസ്ഥിയിൽനിന്നു അസ്ഥിയും എന്റെ മാംസത്തിൽനിന്നു മാംസവും ആകുന്നു. ഇവളെ നരനിൽനിന്നു എടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു പേരാകും എന്നു പറഞ്ഞു.

ഉല്പ. 2:24 അതുകൊണ്ടു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും; അവർ ഏക ദേഹമായി തീരും.

2. ക്രിസ്തുവിന്റെ ശരീരമായ സഭയെ മുൻകുറിക്കുന്ന പൊൻനിലവിളക്ക്, വെളിച്ചം പ്രകാശിപ്പിക്കുവാൻ വളരുകയും, ശാഖയിടുകയും, തളിർക്കുകയും, പുഷ്പിക്കുകയും ചെയ്യുന്ന പുനരുത്ഥാന ജീവനായി ക്രിസ്തുവിനെ ചിത്രീകരിക്കുന്നു—പുറ. 25:31-40; സംഖ്യ 17:8; വെളി. 1:11-12.

പുറ. 25:31 തങ്കംകൊണ്ടു ഒരു നിലവിളക്കു ഉണ്ടാക്കേണം. നിലവിളക്കു അടിപ്പുപണിയായിരിക്കേണം. അതിന്റെ ചുവടും തണ്ടും പുഷ്പപുടങ്ങളും മുട്ടുകളും പൂക്കളും അതിൽനിന്നു തന്നേ ആയിരിക്കേണം.

പുറ. 25:32 നിലവിളക്കിന്റെ മൂന്നു ശാഖ ഒരു വശത്തുനിന്നും നിലവിളക്കിന്റെ മൂന്നു ശാഖ മറ്റെ വശത്തുനിന്നും ഇങ്ങനെ ആറു ശാഖ അതിന്റെ പാർശ്വങ്ങളിൽനിന്നു പുറപ്പെടേണം.

പുറ. 25:33 ഒരു ശാഖയിൽ ഓരോ മുട്ടും ഓരോ പൂവുമായി ബദാംപൂപോലെ മൂന്നു പുഷ്പപുടവും മറ്റൊരു ശാഖയിൽ ഓരോ മുട്ടും ഓരോ പൂവുമായി ബദാംപൂപോലെ മൂന്നു പുഷ്പപുടവും ഉണ്ടായിരിക്കേണം; നിലവിളക്കിൽനിന്നു പുറപ്പെടുന്ന ആറു ശാഖെക്കും അങ്ങനെ തന്നേ വേണം.

പുറ. 25:34 വിളക്കുതണ്ടിലോ മുട്ടുകളോടും പൂക്കളോടും കൂടിയ ബദാംപൂപോലെ നാലു പുഷ്പപുടം ഉണ്ടായിരിക്കേണം.

പുറ. 25:35 അതിൽനിന്നുള്ള രണ്ടു ശാഖെക്കു കീഴെ ഒരു മുട്ടും മറ്റു രണ്ടു ശാഖെക്കു കീഴെ ഒരു മുട്ടും മറ്റു രണ്ടു ശാഖെക്കു കീഴെ ഒരു മുട്ടും ഇങ്ങനെ നിലവിളക്കിൽനിന്നു പുറപ്പെടുന്ന ആറു ശാഖെക്കും വേണം.

പുറ. 25:36 അവയുടെ മുട്ടുകളും ശാഖകളും അതിൽനിന്നു തന്നേ ആയിരിക്കേണം; മുഴുവനും തങ്കംകൊണ്ടു ഒറ്റ അടിപ്പുപണി ആയിരിക്കേണം.

പുറ. 25:37 അതിന്നു ഏഴു ദീപം ഉണ്ടാക്കി നേരെ മുമ്പോട്ടു പ്രകാശിപ്പാൻ തക്കവണ്ണം ദീപങ്ങളെ കൊളുത്തേണം.

പുറ. 25:38 അതിന്റെ ചവണകളും കരിന്തിരിപ്പാത്രങ്ങളും തങ്കംകൊണ്ടു ആയിരിക്കേണം.

പുറ. 25:39 അതും ഈ ഉപകരണങ്ങൾ ഒക്കെയും ഒരു താലന്തു തങ്കംകൊണ്ടു ഉണ്ടാക്കേണം.

പുറ. 25:40 പർവ്വതത്തിൽവെച്ചു കാണിച്ചുതന്ന മാതൃകപ്രകാരം അവയെ ഉണ്ടാക്കുവാൻ സൂക്ഷിച്ചുകൊള്ളേണം.

സംഖ്യ. 17:8 പിറ്റെന്നാൾ മോശെ സാക്ഷ്യകൂടാരത്തിൽ കടന്നപ്പോൾ ലേവിഗൃഹത്തിന്നുള്ള അഹരോന്റെ വടി തളിർത്തിരിക്കുന്നതു കണ്ടു; അതു തളിർത്തു പൂത്തു ബദാം ഫലം കായിച്ചിരുന്നു.

വെളി. 1:11 അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും സ്മൂർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക.

വെളി. 1:12 എന്നോട് സംസാരിച്ച ശബ്ദം കാണുവാൻ ഞാൻ തിരിഞ്ഞു; തിരിഞ്ഞപ്പോൾ, ഏഴു, പൊൻനിലവിളക്കുകളെയും,

D. തളിർക്കുന്ന വടി സൂചിപ്പിക്കുന്നത്, ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു, നമ്മുടെ ജീവനും, നമ്മുടെ ജീവിതവും, നമ്മുടെ ഉള്ളിലുള്ള പുനരുത്ഥാന ജീവനും ആയിരിക്കണമെന്നും ഈ ജീവൻ തളിർക്കുകയും, പൂക്കുകയും, ഫലം കായ്ക്കുകയും വേണമെന്നുമാണ്—സംഖ്യ. 17:1-11:

സംഖ്യ. 17:1 യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു:

സംഖ്യ. 17:2 യിസ്രായേൽമക്കളോടു സംസാരിച്ചു അവരുടെ പക്കൽനിന്നു ഗോത്രംഗോത്രമായി സകലഗോത്രപ്രഭുക്കന്മാരോടും ഓരോ വടിവീതം പന്ത്രണ്ടു വടി വാങ്ങി ഓരോരുത്തന്റെ വടിമേൽ അവന്റെ പേർ എഴുതുക.

സംഖ്യ. 17:3 ലേവിയുടെ വടിമേലോ അഹരോന്റെ പേർ എഴുതേണം; ഓരോ ഗോത്രത്തലവന്നു ഓരോ വടി ഉണ്ടായിരിക്കേണം.

സംഖ്യ. 17:4 സമാഗമനകൂടാരത്തിൽ ഞാൻ നിങ്ങൾക്കു വെളിപ്പെടുന്ന ഇടമായ സാക്ഷ്യത്തിന്റെ മുമ്പാകെ അവയെ വെക്കേണം.

സംഖ്യ. 17:5 ഞാൻ തിരഞ്ഞെടുക്കുന്നവന്റെ വടി തളിർക്കും; ഇങ്ങനെ യിസ്രായേൽമക്കൾ നിങ്ങൾക്കു വിരോധമായി പിറുപിറുക്കുന്നതു ഞാൻ നിർത്തലാക്കും.

സംഖ്യ. 17:6 മോശെ യിസ്രായേൽമക്കളോടു സംസാരിക്കയും അവരുടെ സകലപ്രഭുക്കന്മാരും ഗോത്രംഗോത്രമായി ഓരോ പ്രഭു ഓരോ വടിവീതം പന്ത്രണ്ടു വടി അവന്റെ പക്കൽ കൊടുക്കയും ചെയ്തു: വടികളുടെ കൂട്ടത്തിൽ അഹരോന്റെ വടിയും ഉണ്ടായിരുന്നു.

സംഖ്യ. 17:7 മോശെ വടികളെ സാക്ഷ്യകൂടാരത്തിൽ യഹോവയുടെ സന്നിധിയിൽവെച്ചു.

സംഖ്യ. 17:8 പിറ്റെന്നാൾ മോശെ സാക്ഷ്യകൂടാരത്തിൽ കടന്നപ്പോൾ ലേവിഗൃഹത്തിന്നുള്ള അഹരോന്റെ വടി തളിർത്തിരിക്കുന്നതു കണ്ടു; അതു തളിർത്തു പൂത്തു ബദാം ഫലം കായിച്ചിരുന്നു.

സംഖ്യ. 17:9 മോശെ വടികളെല്ലാം യഹോവയുടെ സന്നിധിയിൽനിന്നു എടുത്തു യിസ്രായേൽമക്കളുടെ അടുക്കൽ പുറത്തുകൊണ്ടുവന്നു; അവർ ഓരോരുത്തൻ താന്താന്റെ വടി നോക്കിയെടുത്തു.

സംഖ്യ. 17:10 യഹോവ മോശെയോടു: അഹരോന്റെ വടി മത്സരികൾക്കു ഒരു അടയാളമായി സൂക്ഷിക്കേണ്ടതിന്നു സാക്ഷ്യത്തിന്റെ മുമ്പിൽ തിരികെ കൊണ്ടുവരിക; അവർ മരിക്കാതിരിക്കേണ്ടതിന്നു എനിക്കു വിരോധമായുള്ള അവരുടെ പിറുപിറുപ്പു നീ ഇങ്ങനെ നിർത്തലാക്കും എന്നു കല്പിച്ചു.

സംഖ്യ. 17:11 മോശെ അങ്ങനെ തന്നേ ചെയ്തു: യഹോവ തന്നോടു കല്പിച്ചതുപോലെ അവൻ ചെയ്തു.

1. സംഖ്യാപുസ്തകം 16-ൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, യിസ്രായേൽമക്കൾ മത്സരിച്ചതിനുശേഷം, യിസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങൾക്കൊത്തവണ്ണം പന്ത്രണ്ടു വടികൾ എടുത്ത് പെട്ടകത്തിനു മുമ്പിലുള്ള സാക്ഷ്യകൂടാരത്തിൽ വയ്ക്കുവാൻ ദൈവം പന്ത്രണ്ട് നേതാക്കന്മാരോട് കല്പിച്ചു. എന്നിട്ട് അവൻ പറഞ്ഞു, “ഞാൻ തിരഞ്ഞെടുക്കുന്നവന്റെ വടി തളിർക്കും”—17:5.

   Num 16 be omitted.

2. പന്ത്രണ്ട് വടികൾ ഇലകളില്ലാത്തതും, വേരില്ലാത്തതും, ഉണങ്ങിയതും, ചത്തതും ആയിരുന്നു; തളിർത്ത വടി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടതായിരുന്നു; പുനരുത്ഥാനം ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനമാണെന്നും സേവനത്തിന്റെ അടിസ്ഥാനം നമ്മുടെ സ്വാഭാവിക ജീവനിൽനിന്ന് വ്യത്യസ്തമായ ഒന്നാണെന്നും ഇവിടെ നാം കാണുന്നു; അങ്ങനെ, തളിർത്ത വടി, ദൈവം നൽകിയ ശുശ്രൂഷയുടെ അധികാരത്തിന് ദൈവത്താലുള്ള നമ്മുടെ സ്വീകാര്യതയായ പുനരുത്ഥാനത്തിലുള്ള നമ്മുടെ ക്രിസ്താനുഭവത്തെ സൂചിപ്പിക്കുന്നു.

3. ഏതു സേവനത്തിന്റെയും തത്ത്വം തളിർക്കുന്ന വടിയിൽ കാണപ്പെടുന്നു; പതിനൊന്ന് വടികളെ ദൈവം നേതാക്കൾക്ക് തിരികെ നൽകി, എന്നാൽ അഹരോന്റെ വടിയെ പെട്ടകത്തിനുള്ളിൽ ഒരു നിത്യസ്മരണയായി സൂക്ഷിച്ചു. ദൈവത്തോടുള്ള നമ്മുടെ സേവനത്തിൽ ഒരു നിത്യ തത്ത്വമാണ് പുനരുത്ഥാനമെന്ന് ഇതർഥമാക്കുന്നു—വാ. 9-10.

   സംഖ്യ. 17:9 മോശെ വടികളെല്ലാം യഹോവയുടെ സന്നിധിയിൽനിന്നു എടുത്തു യിസ്രായേൽമക്കളുടെ അടുക്കൽ പുറത്തുകൊണ്ടുവന്നു; അവർ ഓരോരുത്തൻ താന്താന്റെ വടി നോക്കിയെടുത്തു.

   സംഖ്യ. 17:10 യഹോവ മോശെയോടു: അഹരോന്റെ വടി മത്സരികൾക്കു ഒരു അടയാളമായി സൂക്ഷിക്കേണ്ടതിന്നു സാക്ഷ്യത്തിന്റെ മുമ്പിൽ തിരികെ കൊണ്ടുവരിക; അവർ മരിക്കാതിരിക്കേണ്ടതിന്നു എനിക്കു വിരോധമായുള്ള അവരുടെ പിറുപിറുപ്പു നീ ഇങ്ങനെ നിർത്തലാക്കും എന്നു കല്പിച്ചു.

4. വടി തളിർക്കുന്നത് താഴ്ത്തപ്പെടുത്തുന്നതായ ഒരു അനുഭവമാണ്; ഒരു വടി മാനുഷിക സ്ഥാനത്തെ സൂചിപ്പിക്കുന്നു, അതേസമയം തളിർക്കുന്നത് പുനരുത്ഥാന ജീവനെ സൂചിപ്പിക്കുന്നു; അങ്ങനെ, മൂഢനായ ഒരു വ്യക്തിക്കു മാത്രമേ അഹങ്കരിക്കുകയും താൻ മറ്റുള്ളവരെക്കാൾ മികച്ചവനാണെന്ന് പറയുവാൻ കഴിയുകയും ചെയ്യുകയുള്ളൂ—പ്ര.നി. മർക്കൊ. 11:9; 2 കൊരി. 3:5; 1 പത്രൊ. 5:5.

   മർക്കൊ. 11:9 മുമ്പേ പോയവരും പിന്നാലെ വന്നവരും, ഹോശന്നാ! കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ!

2 കൊരി. 3:5 ഞങ്ങളിൽനിന്നുതന്നെ എന്തെങ്കിലും കണക്കിടുവാൻ ഞങ്ങൾ പര്യാപ്തർ എന്നല്ല; ഞങ്ങളുടെ പര്യാപ്തത ദൈവത്തിൽ നിന്നത്രേ ആകുന്നു,

1 പത്രൊ. 5:5 അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു.

5. പുനരുത്ഥാനം സൂചിപ്പിക്കുന്നത് സകലവും ദൈവത്തിൽനിന്നാകുന്നു, നമ്മിൽനിന്നല്ല എന്നാണ്; അതർഥമാക്കുന്നത് ദൈവം മാത്രമാണ് പ്രാപ്തൻ, നാം പ്രാപ്തരല്ല എന്നാണ്; പുനരുത്ഥാനത്തെ അറിയുന്ന എല്ലാവരും തങ്ങളിൽത്തന്നെയുള്ള പ്രത്യാശ ഉപേക്ഷിച്ചിരിക്കുന്നു; തങ്ങളാലാവില്ലെന്ന് അവർക്കറിയാം.
6. സ്വാഭാവിക ബലം നിലനിൽക്കുന്നിടത്തോളം, പുനരുത്ഥാനശക്തിക്ക് വെളിപ്പെടാനുള്ള അടിത്തറയില്ല; സാറായ്ക്ക് ഒരു കുഞ്ഞിനെ ഗർഭം ധരിക്കുവാൻ കഴിയുന്നിടത്തോളം, യിസ്ഹാക്ക് വരികയില്ല—ഉല്പ. 18:10-15; 21:1-3, 6-7.

ഉല്പ. 18:10 ഒരു ആണ്ടു കഴിഞ്ഞിട്ടു ഞാൻ നിന്റെ അടുക്കൽ മടങ്ങിവരും; അപ്പോൾ നിന്റെ ഭാര്യ സാറെക്കു ഒരു മകൻ ഉണ്ടാകും എന്നു അവൻ പറഞ്ഞു. സാറാ കൂടാരവാതിൽക്കൽ അവന്റെ പിൻവശത്തു കേട്ടുകൊണ്ടുനിന്നു.

ഉല്പ. 18:11 എന്നാൽ അബ്രാഹാമും സാറയും വയസ്സു ചെന്നു വൃദ്ധരായിരുന്നു. സ്ത്രീകൾക്കുള്ള പതിവു സാറെക്കു നിന്നുപോയിരുന്നു.

ഉല്പ. 18:12 ആകയാൽ സാറാ ഉള്ളുകൊണ്ടു ചിരിച്ചു: വൃദ്ധയായിരിക്കുന്ന എനിക്കു സുഖഭോഗമുണ്ടാകുമോ? എന്റെ ഭർത്താവും വൃദ്ധനായിരിക്കുന്നു എന്നു പറഞ്ഞു.

ഉല്പ. 18:13 യഹോവ അബ്രാഹാമിനോടു: വൃദ്ധയായ ഞാൻ പ്രസവിക്കുന്നതു വാസ്തവമോ എന്നു പറഞ്ഞു സാറാ ചിരിച്ചതു എന്തു?

ഉല്പ. 18:14 യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ? ഒരു ആണ്ടു കഴിഞ്ഞിട്ടു ഈ സമയമാകുമ്പോൾ ഞാൻ നിന്റെ അടുക്കൽ മടങ്ങിവരും; സാറെക്കു ഒരു മകൻ ഉണ്ടാകും എന്നു അരുളിച്ചെയ്തു.

ഉല്പ. 18:15 സാറാ ഭയപ്പെട്ടു: ഇല്ല, ഞാൻ ചിരിച്ചില്ല എന്നു പറഞ്ഞു. അങ്ങനെയല്ല, നീ ചിരിച്ചു എന്നു അവൻ അരുളിച്ചെയ്തു.

ഉല്പ. 21:1 അനന്തരം യഹോവ താൻ അരുളിച്ചെയ്തിരുന്നതുപോലെ സാറയെ സന്ദർശിച്ചു; താൻ വാഗ്ദത്തം ചെയ്തിരുന്നതു യഹോവ സാറെക്കു നിവൃത്തിച്ചുകൊടുത്തു.

ഉല്പ. 21:2 അബ്രാഹാമിന്റെ വാർദ്ധക്യത്തിൽ ദൈവം അവനോടു അരുളിച്ചെയ്തിരുന്ന അവധിക്കു സാറാ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു.

ഉല്പ. 21:3 സാറാ അബ്രാഹാമിന്നു പ്രസവിച്ച മകന്നു അവൻ യിസ്ഹാക്ക് എന്നു പേരിട്ടു.

ഉല്പ. 21:6 ദൈവം എനിക്കു ചിരിയുണ്ടാക്കി; കേൾക്കുന്നവരെല്ലാം എന്നെച്ചൊല്ലി ചിരിക്കും എന്നു സാറാ പറഞ്ഞു.

ഉല്പ. 21:7 സാറാ മക്കൾക്കു മുലകൊടുക്കുമെന്നു അബ്രാഹാമിനോടു ആർ പറയുമായിരുന്നു. അവന്റെ വാർദ്ധക്യത്തിലല്ലോ ഞാൻ ഒരു മകനെ പ്രസവിച്ചതു എന്നും അവൾ പറഞ്ഞു.

7. നമുക്ക് ചെയ്യുവാൻ കഴിയുന്നത് സ്വാഭാവിക മണ്ഡലത്തിന്റേതാണ്, നമുക്ക് ചെയ്യുവാൻ കഴിയാത്തത് പുനരുത്ഥാന മണ്ഡലത്തിന്റേതാണ്; പുനരുത്ഥാനം നമ്മിൽത്തന്നെ നമുക്ക് ചെയ്യാൻ കഴിയാത്ത, നമുക്ക് അപ്പുറത്തുള്ള കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നു—മത്താ. 19:26; മർക്കൊ. 10:27; ലൂക്കൊ. 18:27.

മത്താ. 19:26 അവരെ നോക്കിക്കൊണ്ട് യേശു അവരോട്, മനുഷ്യർക്ക് ഇത് അസാധ്യമാകുന്നു, എന്നാൽ ദൈവത്തിനു സകലതും സാധ്യം തന്നെ എന്നു പറഞ്ഞു.

മർക്കൊ. 10:27 അവരെ നോക്കിക്കൊണ്ട് യേശു, ഇതു മനുഷ്യരാൽ അസാധ്യമാകുന്നു, എന്നാൽ ദൈവത്താൽ അല്ല, ദൈവത്താൽ സകലവും സാധ്യമാകുന്നു എന്നു പറഞ്ഞു.

ലൂക്കൊ. 18:27 എന്നാൽ അവൻ, മനുഷ്യരാൽ അസാധ്യമായത് ദൈവത്താൽ സാധ്യമാകുന്നു എന്നു പറഞ്ഞു.

8. ഒരു മനുഷ്യൻ തന്റെ തീർത്തുമുള്ള ഉപയോഗശൂന്യതയെക്കുറിച്ച് ബോദ്ധ്യപ്പെടുന്നതിന് അവന്റെതന്നെ അവസാനത്തിലേക്ക് വരണം; ഒരു മനുഷ്യൻ തന്റെ അപര്യാപ്തതയെക്കുറിച്ച് ഒരിക്കലും മനസ്സിലാക്കിയിട്ടില്ലെങ്കിൽ, അവന് ഒരിക്കലും ദൈവത്തിന്റെ പര്യാപ്തതയെ അനുഭവമാക്കുവാൻ കഴിയുകയില്ല. പുനരുത്ഥാനം അർഥമാക്കുന്നത് നമുക്ക് കഴിയില്ലെന്നും, ദൈവം നമ്മിലും, നമ്മിലൂടെയും, നമുക്കുവേണ്ടിയും സകലവും ചെയ്യുന്നു എന്നുമാണ്—പ്ര.നി. 2 കൊരി. 1:8-9; 4:7.

2 കൊരി. 1:8 സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ ക്ലേശത്തെക്കുറിച്ച് നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും നിരാശപ്പെടുമാറ്, ഞങ്ങളുടെ ശക്തിക്ക് അതീതമായി, ഞങ്ങൾ അത്യധികം ഭാരപ്പെട്ടു.

2 കൊരി. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

9. ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നത് പ്രയാസം മാത്രമല്ല—അത് അസാധ്യമാണ്; സർവവും-ഉൾക്കൊള്ളുന്ന ആത്മാവായി നമ്മിൽ വസിക്കുന്ന പ്രക്രിയാവിധേയനും പരിണതി പ്രാപിച്ചവനുമായ ത്രിയേക ദൈവത്തിനു മാത്രമേ ഒരു ക്രിസ്ത്യാനിയായിരിക്കുവാൻ കഴിയുകയുള്ളൂ; ആത്മാവിനു മാത്രമേ ഒരു ക്രിസ്ത്യാനിയായിരിക്കുവാനും, ആത്മാവിനു മാത്രമേ ഒരു ജയാളിയായിരിക്കുവാനും കഴിയുകയുള്ളൂ.

E. നമ്മുടെ സ്വാഭാവിക ജീവനാൽ നാം ജീവിക്കാതെ നമ്മുടെ ഉള്ളിലുള്ള ദിവ്യ ജീവനാൽ ജീവിക്കുമ്പോൾ, നാം പുനരുത്ഥാനത്തിലാണ്; ഇതിന്റെ ഫലം ക്രിസ്തുവിന്റെ ശരീരമാണ്—ഫിലി. 3:10-11:

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

ഫിലി. 3:11 മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു.

1. നമ്മുടെ സ്വാഭാവിക ജീവനെ ത്യജിച്ചുകൊണ്ട് ദിവ്യജീവനെ ജീവിക്കുന്നതിലൂടെ ദിവ്യരും മാർമികരുമായ വ്യക്തികളായിരിക്കുവാൻ നാമെല്ലാവരും കർത്താവിനാൽ ശിഷ്യരാക്കപ്പെടേണ്ടതാവശ്യമാണ്—പ്ര.നി. യോഹ. 3:8.

   യോഹ. 3:8 കാറ്റ് അത് ഇച്ഛിക്കുന്ന ഇടത്തേക്കു വീശുന്നു, നീയോ അതിന്റെ ശബ്ദം കേൾക്കുന്നു, എന്നാൽ അത് എവിടെ നിന്ന് വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും നീ അറിയുന്നില്ല; ആത്മാവിൽനിന്നു ജനിച്ചിരിക്കുന്ന ഏവനും അങ്ങനെതന്നെയാകുന്നു.

2. തിരുവെഴുത്തുപരമായിട്ടാണെങ്കിലും സ്വാഭാവിക ജീവനിൽ നിർവഹിക്കപ്പെടുന്ന യാതൊന്നും ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യമല്ല—1 കൊരി. 3:12.

   1 കൊരി. 3:12 എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ,

F. പുനരുത്ഥാനത്തിൽ ജീവിക്കുവാൻ, നാം പുനരുത്ഥാനത്തിന്റെ ദൈവത്തെ അറിയുകയും, അനുഭവമാക്കുകയും, നേടുകയും വേണം—2 കൊരി. 1:8-9:

2 കൊരി. 1:8 സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ ക്ലേശത്തെക്കുറിച്ച് നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും നിരാശപ്പെടുമാറ്, ഞങ്ങളുടെ ശക്തിക്ക് അതീതമായി, ഞങ്ങൾ അത്യധികം ഭാരപ്പെട്ടു.

2 കൊരി. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

1. നാം മേലാൽ നമ്മിൽത്തന്നെ ആശ്രയിക്കാതെ പുനരുത്ഥാനത്തിന്റെ ദൈവത്തിൽ ആശ്രയിക്കത്തക്കവണ്ണം, നമ്മെ അവസാനിപ്പിക്കുവാൻ, നമ്മെ ഒരു അന്ത്യത്തിലേക്ക് കൊണ്ടുവരാൻ ദൈവം ക്രൂശിലൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു—വാ. 9.

   2 കൊരി. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

2. മനുഷ്യനുവേണ്ടി ജീവനുള്ള ദൈവത്തിന് നിരവധി പ്രവൃത്തികൾ ചെയ്യുവാൻ കഴിയുമെങ്കിലും, ജീവനുള്ള ദൈവത്തിന്റെ ജീവനും പ്രകൃതവും

മനുഷ്യനിലേക്ക് പണിതുചേർക്കപ്പെടുന്നില്ല; പുനരുത്ഥാനത്തിന്റെ ദൈവം പ്രവർത്തിക്കുമ്പോൾ, അവന്റെ ജീവനും പ്രകൃതവും മനുഷ്യനിലേക്ക് പണിതുചേർക്കപ്പെടുന്നു.

a. ബാഹ്യപ്രവൃത്തികളിൽ തന്റെ ശക്തി അറിയിക്കുവാനല്ല ദൈവം പ്രവർത്തിക്കുന്നത്, മറിച്ച് അവനെത്തന്നെ മനുഷ്യനിലേക്ക് പകരുവാനും പണിതുചേർക്കുവാനുമാണ് പ്രവർത്തിക്കുന്നത്—ഗലാ. 1:15-16; 2:20; 4:19.

ഗലാ. 1:15 എന്നാൽ എന്റെ അമ്മയുടെ ഗർഭം മുതൽ എന്നെ വേർതിരിക്കുകയും തന്റെ കൃപയാൽ എന്നെ വിളിക്കുകയും ചെയ്ത ദൈവം,

ഗലാ. 1:16 ജാതികളുടെ ഇടയിൽ അവനെ സുവിശേഷമായി ഞാൻ അറിയിക്കേണ്ടതിന് തന്റെ പുത്രനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ, ഉടനെ ഞാൻ ജഡരക്തത്തോട് ആലോചിക്കുകയോ,

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

ഗലാ. 4:19 ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ,

b. തന്റെ ജീവനും പ്രകൃതവും നമ്മിലേക്ക് പണിതുചേർക്കുവാൻ ദൈവം പരിതസ്ഥിതിയെ ഉപയോഗിക്കുന്നു—2 കൊരി. 4:7-12; 1 തെസ്സ. 3:3.

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

2 കൊരി. 4:8 ഞങ്ങൾ എല്ലാ വശത്തും ഞെരുക്കപ്പെടുന്നു എന്നാൽ ഇടുങ്ങിയിരിക്കുന്നില്ല; പുറത്തേക്കുള്ള വഴി കണ്ടെത്തുവാൻ കഴിയുന്നില്ല, എന്നാൽ പുറത്തേക്കുള്ള വഴി അശേഷം ഇല്ലാത്തവരും അല്ല;

2 കൊരി. 4:9 ഉപദ്രവിക്കപ്പെടുന്നു എന്നാൽ ഉപേക്ഷിക്കപ്പെടുന്നില്ല; താഴേക്ക് വീഴ്ത്തപ്പെടുന്നു എന്നാൽ നശിച്ചുപോകുന്നില്ല;

2 കൊരി. 4:10 യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിവാകേണ്ടതിന് യേശുവിന്റെ മരിപ്പിക്കൽ എപ്പോഴും ശരീരത്തിൽ വഹിച്ചുകൊണ്ട് നടക്കുന്നു.

2 കൊരി. 4:11 യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്യജഡത്തിൽ വെളിവാകേണ്ടതിന്, ജീവിച്ചിരിക്കുന്നവരായ ഞങ്ങൾ യേശു നിമിത്തം എപ്പോഴും മരണത്തിന് ഏൽപ്പിക്കപ്പെടുന്നു.

2 കൊരി. 4:12 ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും.

1 തെസ്സ. 3:3 ആരും ഈ പീഡകളാൽ

കുലുങ്ങിപ്പോകാതിരിക്കേണ്ടതിനു തന്നെ; ഞങ്ങൾ ഇതിനായി നിയമിക്കപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾതന്നെ അറിയുന്നുവല്ലോ.

c. പുനരുത്ഥാനത്തിൽ ജീവിക്കുന്നതിനും പുനരുത്ഥാനത്തിന്റെ ദൈവത്താൽ സംരചിക്കപ്പെടുന്നതിനും "സകല കാര്യങ്ങളും" മുഖാന്തരം ദൈവത്തിന്റെ ആദ്യജാതനായ പുത്രനായ ക്രിസ്തുവിന്റെ സ്വരൂപത്തോട് നാം അനുരൂപപ്പെടണം—റോമ. 8:28-29; എബ്രാ. 12:10; യിരെ. 48:11.

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

എബ്രാ. 12:10 അവർ തങ്ങൾക്കു നന്നായി ബോധിച്ചതുപോലെ കുറച്ചുനാളത്തേക്ക് ബാലശിക്ഷ കഴിച്ചു; എന്നാൽ അവനോ, നാം തന്റെ വിശുദ്ധിയിൽ പങ്കു കൊള്ളുവാൻ തക്കവണ്ണം പ്രയോജനത്തിനായത്രേ ശിക്ഷിക്കുന്നത്.

യിരെ. 48:11 മോവാബ് ബാല്യംമുതൽ സ്വൈരമായി മട്ടിന്മീതെ തെളിഞ്ഞുനിന്നു; അവനെ പാത്രത്തിൽനിന്നു പാത്രത്തിലേക്കു പകരുകയോ പ്രവാസത്തിലേക്കു കൊണ്ടുപോകയോ ചെയ്തിട്ടില്ല; അതുകൊണ്ടു അവന്റെ സ്വാദു അവനിൽ തന്നേ ഇരിക്കുന്നു; അവന്റെ മണം പോയ്പോയിട്ടുമില്ല.

d. ഈ പ്രപഞ്ചത്തിൽ കഷ്ടംസഹിക്കുന്നതിന്റെ പ്രാഥമിക ഉദ്ദേശ്യം, പ്രത്യേകിച്ച് ദൈവമക്കളോടുള്ള ബന്ധത്തിൽ, മനുഷ്യൻ ദൈവത്തെ പൂർണ അളവിൽ നേടത്തക്കവണ്ണം, കഷ്ടത്തിലൂടെ ദൈവത്തിന്റെ അതേ പ്രകൃതം മനുഷ്യപ്രകൃതത്തിലേക്ക് പണിതുചേർക്കപ്പെടുക എന്നതാണ്.

e. നാം കഷ്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ, നമ്മെ പുതിയ യെരൂശലേമാക്കുവാനുള്ള അവന്റെ ഹൃദയാഗ്രഹം നിവർത്തിക്കുവാൻ ദൈവത്തിന് കഴിയത്തക്കവണ്ണം നമ്മിൽ അനുദിനം ഒരു തുടർച്ചയായ പുതുക്കൽ നടക്കേണ്ടതാവശ്യമാണ്—യെഹെ. 36:26; 2 കൊരി. 4:16; 5:17; വെളി. 21:2.

യെഹെ. 36:26 ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും.

2 കൊരി. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ

ദിനംപ്രതി പുതുക്കപ്പെടുന്നു.

2 കൊരി. 5:17 അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

3. പുനരുത്ഥാനത്തിൽ ജീവിക്കുന്നതിന്, പുനരുത്ഥാന ജീവന്റെ പുതുമയുള്ള സഹായത്താൻ പോഷിപ്പിക്കപ്പെട്ടുകൊണ്ട് നാം അനുദിനം പുതുക്കപ്പെടണം—2 കൊരി. 4:16.

2 കൊരി. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

4. യഥാർഥ ക്രിസ്തീയ ജീവിതം, പുനരുത്ഥാനത്തിന്റെ ദൈവം രാവിലെയും വൈകുന്നേരവും അനുദിനവും നമ്മിലേക്ക് ചേർക്കപ്പെടുന്നതാണ്—കൊലൊ. 2:19; റോമ. 8:10, 6, 11.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

5. പുനരുത്ഥാനത്തിൽ ദിവ്യ ജീവന്റെ നവീകരണ ശേഷി സ്വീകരിക്കുന്നതിന്, നാം ദൈവത്തെ ബന്ധപ്പെടുകയും, അവന് നമ്മെത്തന്നെ തുറക്കുകയും, അനുദിനം നമ്മിൽ ഒരു പുതിയ കൂട്ടിച്ചേർക്കലായി അവൻ നമ്മിലേക്ക് കടന്നുവരുവാൻ അനുവദിക്കുകയും ചെയ്യേണ്ടതാവശ്യമാണ്—ഫിലി. 2:12-13; 3:10-11; സങ്കീ. 18 ശീർഷകം; 2 കൊരി. 4:10-12, 16; തീത്തൊ. 3:5; എഫെ. 4:23; 5:26.

ഫിലി. 2:12 അതിനാൽ എന്റെ പ്രിയരേ, നിങ്ങൾ എപ്പോഴും അനുസരിച്ചതുപോലെ, എന്റെ സാന്നിധ്യത്തിൽ മാത്രമല്ല അതിലുപരി ഇപ്പോൾ എന്റെ അസാന്നിധ്യത്തിലും, ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയെ പുറപ്പെടുവിക്കുവിൻ.

ഫിലി. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

ഫിലി. 3:11 മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു.

Psa 18 title To the choir director. Of David, the servant of Jehovah, who spoke to Jehovah the words of this song on the day when Jehovah delivered him from the hand of all his enemies and from the hand of Saul, and he said:

2 കൊരി. 4:10 യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിവാകേണ്ടതിന് യേശുവിന്റെ മരിപ്പിക്കൽ എപ്പോഴും ശരീരത്തിൽ വഹിച്ചുകൊണ്ട് നടക്കുന്നു.

2 കൊരി. 4:11 യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്ത്യജഡത്തിൽ വെളിവാകേണ്ടതിന്, ജീവിച്ചിരിക്കുന്നവരായ ഞങ്ങൾ യേശു നിമിത്തം എപ്പോഴും മരണത്തിന് ഏൽപ്പിക്കപ്പെടുന്നു.

2 കൊരി. 4:12 ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും.

2 കൊരി. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

തീത്തൊ. 3:5 നാം ചെയ്ത, നീതിപ്രവൃത്തികളാൽ അല്ല, അവന്റെ കരുണപ്രകാരം പുനർജനന കഴുകലിലൂടെയും, നമ്മുടെ രക്ഷകനായ യേശു ക്രിസ്തു മുഖാന്തരം സമ്പന്നമായി നമ്മുടെ മേൽ അവൻ ഒഴിച്ച,

എഫെ. 4:23 നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും,

എഫെ. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

**II. ഗോതമ്പുമണിയെന്ന നിലയിൽ ക്രിസ്തുവിനെ നമുക്ക് അനുഭവിക്കുവാനും ആസ്വദിക്കുവാനും ആവിഷ്കരിക്കുവാനും കഴിയും—യോഹ. 12:24:**

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

A. ക്രിസ്തുവിന്റെ ദിവ്യ ജീവനോടുകൂടെയുള്ള അവന്റെ ദിവ്യത്വത്തിന്റെ തേജസ്സ് ഒരു ഗോതമ്പുമണിയിലെന്നപോലെ അവനിൽ മറഞ്ഞിരിക്കുന്നു—വാ. 23-24.

യോഹ. 12:23 യേശു അവരോട് ഉത്തരം പറഞ്ഞത്, മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു.

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

B. അവന്റെ ദിവ്യത്വത്തിന്റെ തേജസ്സ് അവന്റെ മനുഷ്യത്വത്തിന്റെ പുറംതോടിനാൽ മറയ്ക്കപ്പെട്ടിരുന്നപ്പോൾ, അവന്റെ ദിവ്യജീവന്റെ അഗ്നിയോടുകൂടിയ അവന്റെ ദിവ്യത്വത്തിന്റെ തേജസ്സിന്റെ വിടുതലിനുവേണ്ടി അവന്റെ മരണമെന്ന സ്നാനത്താൽ സ്നാനപ്പെടുവാൻ വാഞ്ഛിച്ചുകൊണ്ട് അവൻ ഞെരുക്കപ്പെടുകയും പരിമിതപ്പെടുകയും ചെയ്തു—ലൂക്കൊ. 12:49-50.

ലൂക്കൊ. 12:49 ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു, അത് ഇപ്പോഴെ കത്തിച്ചിരുന്നെങ്കിൽ എന്നു ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു!

ലൂക്കൊ. 12:50 എന്നാൽ എനിക്കു സ്നാനപ്പെടുവാൻ ഒരു സ്നാനമുണ്ട്, അതു നിറവേറുംവരെ ഞാൻ എത്രത്തോളം ഞെരുങ്ങുന്നു!

C. ക്രിസ്തുവിന്റെ ദിവ്യത്വത്തിന്റെ തേജസ്സിന്റെ വിടുതൽ അവന്റെ മരണത്താൽ അവന്റെ മനുഷ്യത്വത്തിന്റെ പുറംതോട് തകർത്തുകൊണ്ടായിരുന്നു—യോഹ. 12:24:

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

1. തന്റെ ദിവ്യ തേജസ്സോടുകൂടിയ തന്റെ ദിവ്യ ജീവൻ ഉള്ളടങ്ങിയ നിസ്തുലമായ ഗോതമ്പുമണിയായിരുന്നു അവൻ.
2. അവന്റെ ക്രൂശുമരണത്തിലൂടെ അവന്റെ മനുഷ്യത്വത്തിന്റെ പുറംതോട് തകർന്നപ്പോൾ, അവന്റെ ദിവ്യത്വത്തിന്റെ എല്ലാ മൂലകങ്ങളും—അവന്റെ ദിവ്യ ജീവനും അവന്റെ ദിവ്യ തേജസ്സും—വിടുവിക്കപ്പെട്ടു.
3. ഈ അർഥത്തിൽ, അവന്റെ മരണം അവന്റെ തേജസ്സുകൂടി വിടുവിക്കപ്പെട്ട ജീവൻ-വിടുവിക്കുന്ന മരണമായി കണക്കാക്കപ്പെടുന്നു.

D. ക്രിസ്തുവിന്റെ ദിവ്യത്വത്തിന്റെ തേജസ്സിന്റെ വിടുവിക്കൽ തന്റെ മരണത്തിലൂടെ തന്റെ പുനരുത്ഥാനത്തിൽ ദിവ്യ തേജസ്സോടുകൂടെ പിതാവിനാൽ അവൻ തേജസ്കരിക്കപ്പെടുന്നതായിരുന്നു—വാ. 23-24; ലൂക്കൊ. 24:26.

യോഹ. 12:23 യേശു അവരോട് ഉത്തരം പറഞ്ഞത്, മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു.

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

ലൂക്കൊ. 24:26 ക്രിസ്തു ഈ കാര്യങ്ങൾ സഹിക്കുകയും തന്റെ തേജസ്സിലേക്കു പ്രവേശിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നില്ലയോ?

E. തന്റെ പിതാവ് തന്നെ തേജസ്കരിക്കുവാൻ തന്റെ മനുഷ്യജീവിതത്തിൽ ക്രിസ്തു പ്രാർഥിക്കുകയും, പിതാവ് അവന്റെ പ്രാർഥനയ്ക്ക് ഉത്തരം നൽകുകയും ചെയ്തു—യോഹ. 17:1; പ്രവൃ. 3:13.

യോഹ. 17:1 ഈ കാര്യങ്ങൾ സംസാരിച്ചശേഷം, സ്വർഗത്തിലേക്കു തന്റെ കണ്ണുകൾ ഉയർത്തി യേശു പറഞ്ഞു, പിതാവേ, നാഴിക വന്നിരിക്കുന്നു; പുത്രൻ നിന്നെ തേജസ്കരിക്കേണ്ടതിന്, നിന്റെ പുത്രനെ തേജസ്കരിക്കേണമേ;

പ്രവൃ. 3:13 നിങ്ങൾ ഏൽപ്പിച്ചുകൊടുക്കുകയും, അവനെ വിട്ടയയ്ക്കുവാൻ തീരുമാനിച്ചപ്പോൾ, പീലാത്തൊസിന്റെ സന്നിധിയിൽ നിങ്ങൾ നിഷേധിക്കുകയും ചെയ്ത, തന്റെ ദാസനായ യേശുവിനെ, നമ്മുടെ

പിതാക്കന്മാരുടെ ദൈവമായ, അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, മഹത്വപ്പെടുത്തിയിരിക്കുന്നു.

F. അങ്ങനെയുള്ള ഒരു തേജസ്കരണം ക്രിസ്തുവിനെ ജഡാവതാരത്തിന്റെ ഘട്ടത്തിൽനിന്നും ഉൾപ്പെടുത്തലിന്റെ ഘട്ടത്തിലേക്ക് സ്ഥാനമാറ്റം ചെയ്യുകയും, അതിൽ ഒടുക്കത്തെ ആദാമെന്ന നിലയിൽ അവൻ പുനരുത്ഥാനത്തിൽ ജീവൻ-നൽകുന്ന ആത്മാവായിത്തീരുകയും ചെയ്തു.

G. ഗോതമ്പുമണിയെന്ന നിലയിൽ തന്റെ ജീവൻ-വിടുവിക്കുന്ന മരണത്തിലൂടെയും ജീവൻ-പകരുന്ന പുനരുത്ഥാനത്തിലൂടെയും, തന്റെ എല്ലാ വിശ്വാസികളെയും പ്രക്രിയാവിധേയനായ ത്രിയേക ദൈവവുമായുള്ള ഒരു സംയോജനത്തിലേക്ക് ക്രിസ്തു കൊണ്ടുവന്നു:

1. ദൈവം തന്റെ ദിവ്യ ത്രിത്വത്തിൽ ഒരു സംയോജനമാണ്—യോഹ. 14:10-11.

   യോഹ. 14:10 ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ.

   യോഹ. 14:11 ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിക്കുവിൻ; ഇല്ലെങ്കിൽ, പ്രവൃത്തികൾ നിമിത്തം വിശ്വസിക്കുവിൻ.

2. പരിണതിപ്രാപിച്ച ത്രിയേക ദൈവവും വീണ്ടുംജനിച്ച വിശ്വാസികളും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ ഒരു സംയോജനമായിത്തീർന്നു—വാ. 16-20.

   യോഹ. 14:16 ഞാൻ പിതാവിനോടു ചോദിക്കുകയും, അവൻ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു, മറ്റൊരു കാര്യസ്ഥനെ നിങ്ങൾക്കു നൽകുകയും ചെയ്യും,

   യോഹ. 14:17 യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു.

   യോഹ. 14:18 ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നു.

   യോഹ. 14:19 ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും.

   യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

H. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ, വീണ്ടുംജനിച്ച വിശ്വാസികളുമായുള്ള പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ വിപുലീകരിക്കപ്പെട്ട, ദിവ്യ-മനുഷ്യ, സാർവത്രിക സംയോജനം മൂന്ന് വശങ്ങളിൽ കായാന്തരപ്പെട്ട ഗോതമ്പുമണിയായി ക്രിസ്തുവിൽനിന്ന് പുറത്തുവന്നു:

1. ഒന്നാമത്തെ വശം തന്റെ വിശ്രമത്തിനും, സംതൃപ്തിക്കും, വെളിപ്പെടലിനും വേണ്ടിയുള്ള പിതാവിന്റെ ഭവനമാണ്—വാ. 2:

യോഹ. 14:2 എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; അങ്ങനെ അല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു.

a. ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികളും പിതാവിന്റെ ഭവനത്തിലെ വാസസ്ഥലങ്ങളാണ്—വാ. 2.

യോഹ. 14:2a എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്;; ...

b. ആത്മാവിനോടുകൂടെ പിതാവും പുത്രനും വീണ്ടെടുക്കപ്പെട്ട വ്രതന്മാരെ നിരന്തരമായി സന്ദർശിക്കുന്നതിലൂടെ പിതാവിന്റെ ഭവനം പണിയപ്പെടുന്നു—വാ. 21, 23; എഫെ. 2:19-22; 3:16-19.

യോഹ. 14:21 എന്റെ കൽപനകൾ ഉണ്ടായിരിക്കുകയും അവയെ പാലിക്കുകയും ചെയ്യുന്നവനാകുന്നു എന്നെ സ്നേഹിക്കുന്നവൻ; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും, ഞാൻ അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവന് വെളിവാക്കുകയും ചെയ്യും.

യോഹ. 14:23 യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും.

എഫെ. 2:19 അതിനാൽ നിങ്ങൾ ഇനി അന്യരും പരദേശികളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനത്തിലെ അംഗങ്ങളും ആകുന്നു.

എഫെ. 2:20 ക്രിസ്തു യേശു തന്നെ മൂലക്കല്ലായിരിക്കെ, അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെടുന്നു;

എഫെ. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

എഫെ. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

എഫെ. 3:18 സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും,

എഫെ. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ,

നിറവിനോളം നിറയേണ്ടതിനും ആകുന്നു.

2. രണ്ടാമത്തെ വശം ദൈവത്തിന്റെ വികാസത്തിനും, വ്യാപനത്തിനും, തേജസ്കരണത്തിനും വേണ്ടിയുള്ള യഥാർഥ മുന്തിരിവള്ളിയാണ്—യോഹ. 15:1-8, 16:

   യോഹ. 15:1 ഞാൻ യഥാർഥ മുന്തിരിവള്ളി ആകുന്നു, എന്റെ പിതാവ് കൃഷിക്കാരനും ആകുന്നു.

   യോഹ. 15:2 എന്നിൽ ഫലം കായ്ക്കാത്ത എല്ലാ ശാഖകളെയും അവൻ എടുത്തുകളയുന്നു; ഫലം കായ്ക്കുന്ന എല്ലാ ശാഖകളെയും അത് അധികം ഫലം കായ്ക്കേണ്ടതിന്, അവൻ ചെത്തിവെടിപ്പാക്കുന്നു.

   യോഹ. 15:3 ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്ന വചനം നിമിത്തം നിങ്ങൾ ഇപ്പോൾത്തന്നെ വെടിപ്പുള്ളവരാകുന്നു.

   യോഹ. 15:4 എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും. ശാഖയ്ക്ക് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി ഫലം കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല.

   യോഹ. 15:5 ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ, അവൻ വളരെ ഫലം കായ്ക്കുന്നു; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല.

   യോഹ. 15:6 ഒരുവൻ എന്നിൽ വസിക്കുന്നില്ലെങ്കിൽ, അവനെ ശാഖ എന്നപോലെ പുറത്തേക്ക് എറിഞ്ഞിട്ട് ഉണങ്ങിപ്പോകുന്നു; അവർ അവയെ ശേഖരിച്ച് തീയിലേക്ക് എറിയുകയും, അവ എരിഞ്ഞുപോകുകയും ചെയ്യുന്നു.

   യോഹ. 15:7 നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനം നിങ്ങളിൽ വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നത് എന്തും ചോദിക്കുവിൻ, അതു നിങ്ങൾക്ക് ചെയ്തുതരും.

   യോഹ. 15:8 നിങ്ങൾ അധികം ഫലം കായ്ക്കുന്നതിൽ എന്റെ പിതാവ് മഹത്വപ്പെടുന്നു, അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും.

   യോഹ. 15:16 നിങ്ങൾ എന്നെ തിരഞ്ഞെടുത്തില്ല, എന്നാൽ ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പുറപ്പെട്ടുപോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം, നിലനിൽക്കേണ്ടതിനും ഞാൻ നിങ്ങളെ ആക്കിവച്ചിരിക്കുന്നു, എന്റെ നാമത്തിൽ നിങ്ങൾ പിതാവിനോട് എന്തു ചോദിച്ചാലും അവൻ നിങ്ങൾക്കു നൽകേണ്ടതിനു തന്നെ.

   a. സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ഒരു അടയാളമെന്ന നിലയിൽ യഥാർഥ മുന്തിരിവള്ളി പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തിന്റെ ജൈവരൂപമാണ്.
   b. അതിന്റെ ഒട്ടിച്ചുചേർക്കപ്പെട്ട ശാഖകളെ ദിവ്യജീവനാൽ വീണ്ടുംജനിപ്പിക്കുകയും, ക്രൂശിക്കപ്പെട്ടവനും ഉയിർത്തെഴുന്നേറ്റവനുമായ ക്രിസ്തുവുമായുള്ള ജീവ ഐക്യത്തിലേക്ക് കൊണ്ടുവരുകയും, പ്രക്രിയാവിധേയനും

പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവമായി സംയോജിപ്പിക്കുകയും ചെയ്തു.

3. മൂന്നാമത്തെ വശം ദൈവത്തിന്റെ നിത്യവ്യവസ്ഥ നടപ്പാക്കുന്നതിനുള്ള പുതുമനുഷ്യൻ എന്ന ആത്മാവിന്റെ പൈതലാണ്—16:13-16, 19-22:

യോഹ. 16:13 എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും.

യോഹ. 16:14 എന്തെന്നാൽ അവൻ എന്റേതായതിൽനിന്ന് സ്വീകരിക്കുകയും നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യുന്നതുകൊണ്ട് അവൻ എന്നെ മഹത്വപ്പെടുത്തും.

യോഹ. 16:15 പിതാവിനുള്ളതെല്ലാം എന്റേതാകുന്നു; ഇക്കാരണത്താലാകുന്നു, അവൻ എന്റേതായതിൽനിന്ന് സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും എന്നു പറഞ്ഞത്.

യോഹ. 16:16 അൽപനേരം കഴിഞ്ഞ്, ഇനിമേൽ നിങ്ങൾ എന്നെ കാണുന്നില്ല, വീണ്ടും അൽപനേരം കഴിഞ്ഞ്, നിങ്ങൾ എന്നെ കാണും.

യോഹ. 16:19 അവർ തന്നോടു ചോദിക്കുവാൻ ഇച്ഛിക്കുന്നു എന്ന് യേശു അറിഞ്ഞിട്ട്, അവരോട് പറഞ്ഞു, അൽപനേരം കഴിഞ്ഞ് ഇനിമേൽ നിങ്ങൾ എന്നെ കാണുന്നില്ല, വീണ്ടും അൽപനേരം കഴിഞ്ഞ്, നിങ്ങൾ എന്നെ കാണും എന്നു ഞാൻ പറഞ്ഞതിനെക്കുറിച്ച് നിങ്ങളുടെ ഇടയിൽ ആരായുന്നുവോ?

യോഹ. 16:20 സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും, എന്നാൽ ലോകം സന്തോഷിക്കും; നിങ്ങൾ ദുഃഖിക്കും, എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായിത്തീരും.

യോഹ. 16:21 ഒരു സ്ത്രീ, താൻ പ്രസവിക്കുമ്പോൾ, അവളുടെ നാഴിക വന്നതുകൊണ്ട് ദുഃഖം ഉണ്ടാകുന്നു; എന്നാൽ അവൾ കുഞ്ഞിനെ പ്രസവിച്ചശേഷമോ, ഒരു മനുഷ്യൻ ലോകത്തിലേക്കു ജനിച്ചിരിക്കുന്ന സന്തോഷം നിമിത്തം, അവൾ ആ ക്ലേശം ഇനിമേൽ ഓർക്കുന്നില്ല.

യോഹ. 16:22 അതുകൊണ്ട് ഇപ്പോൾ നിങ്ങൾക്കും ദുഃഖമുണ്ട്; എന്നാൽ ഞാൻ നിങ്ങളെ വീണ്ടും കാണുകയും നിങ്ങളുടെ ഹൃദയം സന്തോഷിക്കുകയും ചെയ്യും, ആരും നിങ്ങളുടെ സന്തോഷം നിങ്ങളിൽനിന്ന് എടുത്തുമാറ്റുകയുമില്ല.

a. ഒരു പുതമനുഷ്യനായ ഒരു പുതിയ പൈതൽ പരിണതിപ്രാപിച്ച ആത്മാവിനാൽ ജനിപ്പിക്കപ്പെട്ടു—എഫെ. 2:15.

എഫെ. 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി,

b. നമ്മുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുന്നതിലൂടെ പുതുമനുഷ്യനെ നാം ധരിക്കുന്നത് ഒടുവിൽ പുതിയ യെരൂശലേമിൽ പരിണമിക്കുന്ന ക്രിസ്തുവിന്റെ ശരീരത്തിൽ പരിണമിക്കും—4:23-24.

എഫെ. 4:23 നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും,

എഫെ. 4:24 യാഥാർഥ്യത്തിന്റെ നീതിയിലും വിശുദ്ധിയിലും ദൈവാനുസൃതമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുകയും ചെയ്യുവിൻ.